**MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION**
( Under the Holy Apostolic See of Antioch and All the East ) Reg.No. ER/308/07
**KOTTAYAM DIOCESE**

https://mjssakottayamdiocese.com
https://www.facebook.com/M.J.S.S.A.KottayamDiocese
mjssakottayamdiocese@gmail.com

**AVINESH ABRAHAM THANDASSERIL**
**DIRECTOR**
MJSSA KOTTAYAM DIOCESE
9061200790

**No: KTYM/ D/ Academic / 03**

**Date : 28.03.2024**

# MJSSA കലോത്സവം 2024

സബ് ജൂണിയർ ( Date of Birth On or after 01.01.2016 )

## കർത്താവ് എന്റെ ഇടയൻ

MJSSA കോട്ടയം ഭദ്രാസനത്തിന് വേണ്ടി
റവ.ഫാ.യൂഹാനോൻ ( സിബി ) വേലിയ്ക്കകത്ത് തയ്യാറാക്കിയ
സബ് ജൂണിയർ വിഭാഗത്തിനുള്ള മാതൃക പ്രസംഗം

**Prepared By**

**Rev. Fr. Yohannan (Siby) Velikkakathu**

**Vicar**
**St.MARYS CHERIAPALLY , PAMPADY EAST**

**Assistant Vicar**
**St.GEORGE JACOBITE SYRIAN CHURCH , NEDUMAVU**



--------------------------------------- ---

ത്രിയേക ദൈവത്തിന് സ്തുതി.

ബഹുമാന്യരായ വൈദീക ശ്രേഷ്ഠരേ, വേദിയിലും സദസ്സിലുമായിരിക്കുന്ന വിശിഷ്ട വ്യക്തികളെ, അദ്ധ്യാപകരെ, സഹോദരി സഹോദരങ്ങളേ... ഏവർക്കും വീണ്ടും വരുമെന്ന് അരുളിച്ചെയ്ത യേശുക്രിസ്തുവിന്റെ ധന്യ നാമത്തിൽ എന്റെ സ്നേഹ വന്ദനം അറിയിക്കുന്നു.

ഇന്ന് അല്പസമയം നിങ്ങളുമായി ചിന്തിക്കുവാൻ എനിക്ക് ലഭിച്ചിരിക്കുന്ന വിഷയം "കർത്താവ് എന്റെ ഇടയൻ" എന്നുള്ളതാകുന്നു. ഇസ്രായേൽ ജനത്തിന്റെ ദൈനംദിന ജീവിതത്തിൽ ആടുകളും അവയെ മേയ്ക്കുന്ന ഇടയന്മാരും അവർക്ക് പരിചിതമായ സംഭവമാണ്. അതുകൊണ്ടാണ് നമ്മുടെ കർത്താവായ യേശുക്രിസ്തു പറഞ്ഞ ഉപമകളിലും, സങ്കീർത്തനങ്ങളിലും ' ഇടയനും ആടുകളും ' എന്ന വിഷയം എപ്പോഴും കടന്നുവരുന്നത്.

വിശുദ്ധ യോഹന്നാൻ എഴുതിയ സുവിശേഷം പത്താം അദ്ധ്യായത്തിൽ ഒരു ഇടയന് ഉണ്ടായിരിക്കേണ്ട യോഗ്യതകളെ കുറിച്ച് യേശു പഠിപ്പിക്കുന്നു. എന്തൊക്കേയാണ് ആ യോഗ്യതകൾ? ഇടയൻ ആടുകളെ അറിയുന്നവനാണ്. അതു പോലെ ഇടയൻ ആടുകൾക്ക് മുമ്പേ നടക്കുന്നവനാണ്. ആടുകൾക്ക് വേണ്ടി ജീവൻ അർപ്പിക്കുന്നവനാണ് യഥാർത്ഥ ഇടയൻ. ആടുകളാകട്ടെ ഇടയന്റെ ശബ്ദം തിരിച്ചറിഞ്ഞ് അവനോടൊപ്പം നടക്കണം. ഇടയൻ കൂടെയുണ്ടെങ്കിൽ ആടുകൾക്ക് ഒന്നിനെയും ഭയപ്പെടേണ്ട ആവശ്യമില്ല.

ഇടയൻ എന്ന വാക്കിന്റെ യഥാർത്ഥ നിർവചനം വി.ഗ്രന്ഥമനുസരിച്ച് എന്താണെന്ന് നാം മനസ്സിലാക്കണം. ആടുകൾ സ്വന്തമായി ഉള്ളവനാണ് ഇടയൻ. സ്വന്തമായി ആടുകൾ ഇല്ലാത്തവർ കൂലിക്കാരാണെന്ന് വചനം പറയുന്നു. ഇടയനും കൂലിക്കാരനും തമ്മിലുള്ള വ്യത്യാസം ശുദ്ധമുള്ള യോഹന്നാൻ ശ്ലീഹാ എഴുതിയ രക്ഷാ സുവിശേഷം പത്താം അദ്ധ്യായം പന്ത്രണ്ടാം വാക്യത്തിൽ കാണുന്നുണ്ട്. " എന്തെന്നാൽ കൂലിക്കാരൻ ഇടയനല്ലാത്തതിനാലും ആടുകൾ അവന്റെ സ്വന്തമല്ലാത്തതിനാലും ചെന്നായ് വരുന്നതു കാണുമ്പോൾ ആടുകളെ വിട്ടിട്ട് ഓടി പോകുന്നു". ആടും ഇടയനും തമ്മിലുള്ള ആഴമേറിയ സ്നേഹബന്ധത്തിന്റെ തെളിവാണ് ഈ വചനങ്ങളിൽ നാം കാണുന്നത്.

Kottayam Diocese Kottayam Diocese Kottayam Diocese

ഒരു ഇടയന്റെ മൂന്ന് പ്രധാന പ്രത്യേകതകൾ ശുദ്ധമുള്ള യോഹന്നാൻ ശ്ലീഹ എഴുതിയ രക്ഷാ സുവിശേഷം പത്താം അദ്ധ്യായം 11 മുതൽ 18 വരെയുള്ള വാക്യത്തിൽ നിന്ന് നമുക്ക് മനസ്സിലാക്കാം.

1. എന്റേതിനെ ഞാനറിയുന്നു; എനിക്കുള്ളവയാൽ ഞാൻ അറിയപ്പെടുകയും ചെയ്യുന്നു... എന്ന് ഇടയൻ പറയുന്നു. ആഴമേറിയ സ്നേഹത്തിന്റെ പ്രതിഫലനമാണ് ഈ വാക്യങ്ങൾ. നല്ല ഇടയനിൽ നിന്ന് നാം പഠിക്കേണ്ട ഒന്നാമത്തെ ഗുണം ദൈവം നമുക്ക് തന്നിരിക്കുന്ന ഓരോന്നിനെയും ശരിയായ വിധത്തിൽ മനസ്സിലാക്കുക എന്നുള്ളതാണ്.

2. നല്ല ഇടയൻ ആടുകൾക്ക് വേണ്ടി സ്വന്തം ജീവനെ സമർപ്പിക്കുന്നു..... സ്നേഹത്തിന്റെ ആഴമേറിയ ഭാവമാണ് ആത്മസമർപ്പണം. നമ്മളെ കഴിഞ്ഞു ഉപരി മറ്റുള്ളവരെ സ്നേഹിക്കാൻ കഴിയുമ്പോഴാണ് സ്വന്തം ജീവൻ നൽകാൻ പറ്റുന്നത്. ഇതിലൂടെ ദൈവം നമ്മെ എത്രമാത്രം സ്നേഹിക്കുന്നുവെന്നും, നാം മറ്റുള്ളവരെ എപ്രകാരം സ്നേഹിക്കുന്നു എന്നും മനസ്സിലാക്കണം.

Kottayam Diocese Kottayam Diocese Kottayam Diocese

3. വി.യോഹന്നാൻ 10:16 ൽ തൊഴുത്തിൽ ഉൾപ്പെടാതെ ചിതറി കിടക്കുന്ന ആടുകളെ തന്നോട് ചേർക്കുന്ന നല്ല ഇടയന്റെ സ്നേഹം നാം കാണുന്നു. ദൈവത്തിന്റെ മുന്നിൽ എല്ലാ മനുഷ്യരും ഒരുപോലെയാണെന്നും എല്ലാവരെയും ദൈവം ഒരുപോലെ സ്നേഹിക്കുന്നു എന്നും ഇതിലൂടെ വ്യക്തമാണ്. മതത്തിനും സമുദായത്തിനും പുറത്തും എല്ലാ മനുഷ്യരെയും ദൈവമക്കളായി കാണാൻ നമുക്ക് സാധിക്കണം.

'കർത്താവ് എന്റെ ഇടയൻ' ആണെന്ന് ഞാൻ സമ്മതിക്കുമ്പോൾ അതിന്റെ അർത്ഥം എന്റെ ജീവിതത്തിന്റെ പൂർണ്ണ നിയന്ത്രണം കർത്താവിനാണ് എന്നുള്ളതാണ്. നമ്മുടെ ജീവിതത്തിൽ ദൈവത്തോട് അഥവാ നമ്മുടെ ഇടയനോട് ചോദിക്കാതെ ഒന്നും നാം ചെയ്യരുത്.

ഇപ്രകാരം നമ്മൾ ആടുകളും കർത്താവ് നമ്മുടെ ഇടയനുമാണ്. നമുക്ക് വേണ്ടി സ്വന്തം ജീവനെ അർപ്പിച്ചവനാണ് നമ്മുടെ ഇടയനായ കർത്താവ്. അവൻ നമ്മുടെ കൂടെ ഉള്ളപ്പോൾ നമ്മുക്ക് ഒന്നിനെയും ഭയപ്പെടേണ്ട. ആടുകളായ നമ്മൾ കൂട്ടം തെറ്റി പോകാതെ ഇടയന്റെ പിന്നാലെ പോകുവാൻ ശ്രദ്ധിക്കണം. ഇടയൻ ആകുന്ന യേശുവിന്റെ പിന്നാലെ പോകുന്ന അനുസരണയുള്ള കുഞ്ഞാടുകളായി നമുക്ക് ഈ ലോകത്ത് ജീവിക്കുവാൻ സർവ്വശക്തനായ ദൈവം കൃപ നൽകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ദൈവനാമം മഹത്വപ്പെടട്ടെ.

https://mjssakottayamdiocese.com

------------------------------------------ ---

| Category | Date of Birth | Time | Marks |
|---|---|---|---|
| Sub Junior | On or after 01.01.2016 | 3 Minutes | 100 |

| Scoring Indicators | Point | | Scoring Indicators | Point |
|---|---|---|---|---|
| ആമുഖം | 5 | | ഭാഷാശുദ്ധി | 10 |
| സഭാകമ്പമില്ലാതെ സംസാരിക്കുവാനുള്ള കഴിവ് | 10 | | ധാരാവാഹിതം Fluency | 10 |
| ആശയസ്പുടത | 40 | | സന്ദർഭോചിതമായ ശബ്ദ നിയന്ത്രണം | 10 |
| അക്ഷരസ്പുടത | 10 | | ഉപസംഹാരം | 5 |

കുട്ടികളുടെ സർഗ്ഗാത്മ കഴിവുകൾ പരിപോഷിപ്പിക്കുവാനുള്ള മികച്ച വേദിയാണ് കലോത്സവം. ഒരു പ്രസംഗം ആരും എഴുതി തരുവാനില്ല/ ലഭിക്കാനില്ല എന്ന കാരണത്താൽ ഒരു വിദ്യാർത്ഥിക്കും അവസരം നഷ്ടമാകരുത് എന്ന ചിന്തയിലാണ് ഈ ആശയം ക്രമീകരിച്ചത്.

സബ് ജൂണിയർ വിഭാഗത്തിനുള്ള മാതൃക പ്രസംഗം MJSSA കോട്ടയം ഭദ്രാസനത്തിന് വേണ്ടി തയ്യാറാക്കിയ റവ.ഫാ.യൂഹാന്നോൻ ( സിബി ) വേലിയ്ക്കകത്ത് അച്ചനോടുള്ള നന്ദി ഭദ്രാസന കമ്മിറ്റിക്ക് വേണ്ടി അറിയിക്കുന്നു. കുട്ടികൾ ഇവിടെ നൽകിയിട്ടുള്ള മാതൃക പ്രസംഗം വായിച്ച് , ആശയം നഷ്ടപ്പെടാതെ അദ്ധ്യാപകരുടെയും മാതാപിതാക്കളുടെയും സഹായത്തോടെ ആവശ്യമെങ്കിൽ പ്രസംഗം പുനർക്രമീകരിക്കേണ്ടതാണ്. അതു വഴി ഒരേ മാതൃകയിൽ ഏവരും പ്രസംഗിക്കുന്നതും ഒഴിവാക്കാം. Scoring Indicators കൂടി മനസിലാക്കി മികച്ച രീതിയിൽ മത്സരത്തെ സമീപിക്കുവാൻ കുട്ടികൾക്ക് സാധിക്കട്ടെ. വിജയാശംസകൾ നേരുന്നു.

**അവിനേഷ് തണ്ടാശ്ശേരിൽ**
ഭദ്രാസന ഡയറക്ടർ

AVINESH ABRAHAM THANDASSERIL
DIRECTOR
M.J.S.S.A KOTTAYAM DIOCESE

KOTTAYAM
28.03.2024